DESPATCHED
On 06/02/2020
7.1.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 527(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.11013/SIC-Gen5/2016**

സന്നിഹിതൻ
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ഷൈജുകുമാർ കെ.,
കളത്തിൽ പാറയിൽ ഹൗസ്,
നരിക്കുനി പി.ഒ.,
കോഴിക്കോട് – 673 585. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റു കോടതി,
കുന്ദമംഗലം, പിൻ – 673 571. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 8.6.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 1.7.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 13.8.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.8.2016 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 3.9.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 5.10.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 21.10.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 1.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഷൈജുകുമാർ കെ., കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്നും ഒന്നാം അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരങ്ങൾ യാതൊന്നും നൽകിയില്ലെന്നും മറ്റുമാണ്.

2. എതിർക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. സി.സി നമ്പർ 310/2016 കേസിലെ പരാതിക്കാരന്റെ മുഴുവൻ പരാതിയുടെ പകർപ്പും അതിനോടനുബന്ധിച്ച് കോടതിയിൽ ഹാജരാക്കിയ രേഖകളുടെയും പകർപ്പ് നൽകണമെന്നും

ii.. സിസി നമ്പർ 1427/2015 കേസിലെ പരാതിക്കാരന്റെ മുഴുവൻ പരാതിയുടെ പകർപ്പും അതിനോടനുബന്ധിച്ച് കോടതിയിൽ ഹാജരാക്കിയ രേഖകളുടെ പകർപ്പും നൽകണമെന്നും

iii. മേൽ പരാതിയിലെ ചിട്ടി കമ്പനി, കോമേഴ്സ്യൽ ടാക്സ് സർട്ടിഫിക്കറ്റിന്റെ കോപ്പി, മണി ലെന്റിംഗ് ലൈസൻസ് കോപ്പി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എൻ.ബി.എഫ്.സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ ഹാജരാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കോടതിയുടെ പരിഗണനയിൽ ഉള്ള വിഷയമായതിനാൽ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കാനാവില്ല എന്നാണ്. നിയമാനുസൃതമായി പ്രസ്തുത രേഖകൾ ലഭിക്കണമെങ്കിൽ ആയതിന്റെ സർട്ടിഫൈഡ് കോപ്പിയ്ക്കായി നിയമാനുസൃതം അപേക്ഷ നൽകേണ്ടതാണെന്നും അറിയിച്ചു.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് നൽകിയ മറുപടി നിയമാനുസൃതമായിരുന്നു എന്ന് കമ്മീഷൻ വിലയിരുത്തുന്നു. കാരണം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കോടതിയുടെ പരിഗണനയിലിരുന്ന കേസ്സുകൾ സംബന്ധിച്ചായിരുന്നു എന്നു കാണുന്നു. എന്നാൽ ഹർജിക്കാരൻ 4-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ബന്ധപ്പെട്ട കേസ്സിലെ കോടതി നടപടികളെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ലാത്തതിനാൽ ആയത് ഹർജിക്കാരന് നൽകേണ്ടതായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ടി ഇനം സംബന്ധിച്ച വിവരം എതിർകക്ഷി ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം നൽകേണ്ടതാണ്. ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകാത്ത് മേൽപ്പടി എതിർകക്ഷിയുടെ ഭാഗത്തു നിന്നും സംഭവിച്ച വീഴ്ചയാണെന്നു കാണുന്നു. ഇക്കാര്യത്തിൽ എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

bnk